**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334** **01-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് AI അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി നികുതി പിരിവിനെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പ് ശ്രമിച്ചുവരുന്നു.<br><br>നിർമ്മിത ബുദ്ധിയുടെ സാധ്യത ഉപയോഗിച്ച് വ്യാപാര സംബന്ധമായ വിവരങ്ങൾ വിശദമായി വിശകലനം ചെയ്ത് Red Flag report generate ചെയ്യുന്ന സാങ്കേതിക വിദ്യയാണ് BIFA അഥവാ Business Intelligence & Fraud Analytics. ഇതുവഴിയുള്ള മെഷീൻ learning മൊഡ്യൂളുകളിലൂടെ വിൽപ്പനകൾ കുറച്ച് റിപ്പോർട്ട് ചെയ്യൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൂടുതൽ കണക്കാക്കൽ പോലുള്ള അസാധാരണങ്ങളായ പ്രവർത്തനങ്ങളെ തിരിച്ചറിയാൻ കഴിയുന്നു. ഇതുകൂടാതെ നികുതി ദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ NIC ചിട്ടപ്പെടുത്തി Comprehensive Analytical Report RFID, VAHAN എന്നിവയുമായി സംയോജിപ്പിച്ച് ചരക്ക് നീക്കം തൽസമയം ട്രാക്ക് ചെയ്ത് റിപ്പോർട്ടുകൾ തരുന്നു.മറ്റൊരു നൂതന സാങ്കേതികവിദ്യ, സംസ്ഥാനത്തിന്റെ അതിർത്തികളിൽ സ്ഥാപിച്ചിരിക്കുന്ന AI യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ANPR സിസ്റ്റമാണ്. ഇത് സംസ്ഥാനത്തിനകത്തേക്കുള്ള ചരക്ക് നീക്കത്തെ സമീപത്ത് വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ചുകൊണ്ട് നിരീക്ഷണം നടത്തി വരുന്നുണ്ട്. ഈ ക്യാമറകളെ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം വഴി നിരീക്ഷിച്ചും, അത് വഴി കടന്നു വരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കം വിലയിരുത്തിയും വരുന്നു. ഇത് കൂടുതൽ |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ വിദഗ്ദ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.ഓഡിറ്റ് വിഭാഗം നികുതി ദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തു വരുന്നു.<br><br>എൻഫോഴ്സ്മെൻറ് വിഭാഗം<br>ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ- ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടുകെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടു കെട്ടാനാവശ്യമായ നടപടികളെടുക്കുന്നു. ഇതു കൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു. |
| (സി) | നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ടാക്സ്പെയർ സർവീസസ് എന്നീ വിഭാഗങ്ങൾ സംസ്ഥാനത്തുടനീളം നടത്തിവരുന്ന ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുള്ള വിവരങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ